WEDNESDAY 18/12/2024 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/12/2024

1. തിരുവല്ലം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുവനന്തപുരം ജില്ല ക്ഷീരസംഗമം 2024-25 തിരുവല്ലം ജാനകി ആഡിറ്റോറിയത്തിൽ വച്ച് 2024 ഡിസംബർ 17, 18 തീയതികളിൽ വിവിധ പരിപാടികളോടെ നടത്തുന്നു. ഇന്ന് (18-12-2024) നടക്കുന്ന ജില്ലാ ക്ഷീരസംഗമം 2024-25ന്റെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിലിന്റെ സാന്നിധ്യത്തിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. എം.പി ശശി തരൂർ, എം.എൽ.എ മാരായ ആൻറണി രാജു, കടകംപള്ളി സുരേന്ദ്രൻ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കുന്നു. പ്രസ്തുത പരിപാടിയിൽ കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീരവികസന കാർഷിക എക്സിബിഷൻ, സെമിനാറുകൾ, ശില്പശാല, ഡെയ്റി ക്വിസ്, ക്ഷീരസംഗമം, ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി ഉദ്ഘാടനം, ക്ഷീരകർഷകരെ ആദരിക്കൽ. അവാർഡ്ദാനം. കലാസന്ധ്യ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

2. കരപ്പുറം വിഷൻ 2026 ൻറെ തുടർച്ചയായി ഈ വർഷം 2024 ഡിസംബർ 20 മുതൽ 29 വരെ 'കരപ്പുറം കാർഷിക കാഴ്ചകൾ - 2024' സെൻറ് മൈക്കിൾസ് കോളേജ്, ചേർത്തലയിൽ വച്ച് നടത്തപ്പെടുകയാണ്. കാർഷിക പ്രദർശനം, കാർഷിക സെമിനാർ, വികസന സെമിനാറുകൾ, കാർഷിക സംരംഭങ്ങൾക്കും കർഷക ഗ്രൂപ്പുകൾക്കും ആശയങ്ങൾ വിപുലീകരിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഹായകമാകുന്ന ഡി.പി.ആർ. ക്ലിനിക്, കർഷകർക്കും ഉപഭോക്താക്കൾക്കും മെച്ചപ്പെട്ട വിപണന സാധ്യതകൾ കണ്ടെത്തുവാൻ ഉതകുന്ന ബി ടു ബി മീറ്റ് തുടങ്ങിയവ കരപ്പുറം കാർഷിക കാഴ്ചകളുടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രത്യേകതകളാണ്. 2024 ഡിസംബർ 20 ന് വെള്ളിയാഴ്ച വർണ്ണാഭമായ കാർഷിക ഘോഷയാത്രയോടെ കരപ്പുറം കാർഷിക കാഴ്ചകൾക്ക് തുടക്കമാകുകയാണ്. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടനം നിർവ്വഹിക്കും.

3. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പാറശ്ശാല സർക്കാർ ആടു വളർത്തൽ കേന്ദ്രത്തിൽ നിന്നും 17 ആടുകളെ 2024 ഡിസംബർ 21 -ാം തീയതി ശനിയാഴ്ച രാവിലെ 11 മണിയ്ക്ക് പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് 0471 2202822 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ അഗ്രി ഹോർട്ടിക്കൾച്ചറൽ സൊസൈറ്റി സമ്മിശ്രകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച കൃഷിക്കാരെ തെരഞ്ഞെടുത്ത് നൽകുന്ന ആർ ഹേലി സ്മാരക കർഷക ശ്രേഷ്ഠ പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിച്ചു. കാർഷിക പ്രവർത്തനങ്ങളിൽ പ്രായോഗിക പരിജ്ഞാനമുള്ള കർഷകനാണെന്ന സ്ഥലത്തെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റോടുകൂടിയുള്ള അപേക്ഷകൾ ഇന്ന് (ഡിസംബർ 18) അഞ്ചു മണിയ്ക്ക് മുമ്പായി രവി പാലത്തുങ്കൽ, സെക്രട്ടറി, ആലപ്പുഴ ജില്ലാ അഗ്രി ഹോർട്ടിക്കൾച്ചറൽ സൊസൈറ്റി, എവിപി ബിൽഡിംഗ്, സനാതനം വാർഡ്, അലപ്പുഴ-688001 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 9447225408.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ പ്ലാൻറ് ഫിസിയോളജി വിഭാഗത്തിൽ രണ്ട് അസിസ്റ്റൻറ് പ്രൊഫസർമാരുടെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 21.12.2024

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 9.30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

6. തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2024 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടി**

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഡിസംബർ 19, 20 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.